# നന്മകളെ പാറയിൽ കൊത്തിയിടുക



ആൻമരിയ തോമസ്



അത്താഴത്തിനുശേഷം മുറ്റത്തൂടെ ഉലാത്തുന്ന തോമ്മാച്ചൻചേട്ടനെ മറിയാമ്മച്ചേടത്തി കിടക്കാൻ വിളിച്ചു. കണ്ണുകൾ അടച്ച നിമിഷം വന്നുമൂടിയ ഇരുട്ട് പതിയെ മാറി. തെളിഞ്ഞ ആകാശവും പച്ചപ്പുനിറഞ്ഞ താഴ്‌വരയും പ്രത്യക്ഷപ്പെട്ടു. ഒന്നു തലയുയർത്തി നോക്കിയപ്പോൾ കുന്നിൻമുകളിൽ ചാണകം മെഴുകിയ തറയോടുകൂടിയ ഒരു തടിപ്പുര കാണാനിടയായി.

അധ്വാനിയായ വീട്ടിലെ അപ്പച്ചൻ തടിവെട്ടിക്കൊണ്ടിരിക്കുന്നു. അമ്മച്ചി അടുപ്പിൽ തീ തെളിക്കാൻ നന്നെ പരിശ്രമിക്കുന്നുണ്ട്. പെട്ടെന്ന് ഇരുവരുടെയും മകനായ ജോണിക്കുട്ടി തലേന്നത്തെ ആഹാരം കഴിച്ച് കോളജിലേക്കു പോകാൻ അപ്പച്ചനോടും അമ്മച്ചിയോടും യാത്ര ചോദിച്ചു. അപ്പച്ചൻ മോന്റെ നെറ്റിയിൽ കുരിശു വരച്ച്, അനുഗ്രഹിച്ച് അവന്റെ ഉറ്റ സുഹൃത്തായ സാബുവിനോടൊപ്പം പറഞ്ഞയച്ചു.

ജോണിക്കുട്ടി പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും മിടുക്കനായിരുന്നു. ഇരുവരും പഠിക്കുന്ന കോളജ് പട്ടണത്തിലായതിനാൽ നഗരക്കാഴ്ചകൾ കണ്ടു പോകുംവഴി, സാബു ഒരു ചെറിയ കടയിൽ സ്ഥിരമായി കയറുമായിരുന്നു. വർണ്ണക്കടലാസിൽ പൊതിഞ്ഞ കൗതുകമുണർത്തുന്ന ആ വസ്തു മിഠായിയാണെന്ന വ്യാജേന സാബു ജോണിക്കുട്ടിയെ കഴിപ്പിച്ചിരുന്നു. അവനു വിഷമമാവരുതല്ലോയെന്നു വിചാരിച്ച് ജോണിക്കുട്ടി അത് എന്നും കഴിക്കുകയും ചെയ്തു. പക്ഷേ, കഴിച്ചുകൊണ്ടിരുന്നത് കഞ്ചാവിന്റെ ഗുളികകളാണെന്ന് അവനറിഞ്ഞില്ല.

ജോണിക്കുട്ടിയുടെ പഠനത്തിലും മറ്റുമുള്ള വളർച്ചയിൽ സാബുവിനുണ്ടായ അസൂയയാണ് അവനെ ഇതിനു പ്രേരിപ്പിച്ചത്. സാബുവിനെക്കുറിച്ച് ആരെന്തു മോശമായി പറഞ്ഞാലും ജോണിക്കുട്ടി അതൊന്നും വിശ്വസിച്ചിരുന്നില്ല. കാരണം, ജോണിക്കുട്ടി തന്റെ സുഹൃത്തിനെ അത്രയധികമായി വിശ്വസിച്ചിരുന്നു.

ജോണിക്കുട്ടിയിൽ പല തരത്തിലുള്ള മാറ്റങ്ങൾ അവന്റെ മാതാപിതാക്കൾ കണ്ടുതുടങ്ങിയിരുന്നു. ചിലപ്പോൾ അവൻ വല്ലാതെ അക്രമാസക്തനാവും. പ്രായത്തിന്റെ ക്രമക്കേടുകളാണെന്ന് അവർ കരുതി. ഒക്കെ ശരിയാവും.

ഒരിക്കൽ അവൻ രക്തം ഛർദ്ദിച്ച് അവരുടെ മുമ്പിൽ കുഴഞ്ഞുവീണു. കരഞ്ഞുനിലവിളിച്ച് അപ്പച്ചനും അമ്മച്ചിയും അവനെ ആശുപത്രിയിലെത്തിച്ചു. ഡോക്ടറുടെ വാക്കുകൾ കേട്ട അവർ ഞെട്ടിപ്പോയി. വൃക്ക തകരാറിലാണ്. ഉടൻ ശസ്ത്രക്രിയ നടത്തിയാലേ ജീവൻ രക്ഷിക്കാനാകൂ.

വാർത്തയറിഞ്ഞ സാബു സന്തോഷിച്ചു. ജോണിക്കുട്ടി ഒരിക്കലും ഇനി കോളജിലേക്കു വരില്ലെന്ന് അവൻ വിശ്വസിച്ചു.

എന്നാൽ, പറമ്പുവിറ്റ് കാശുണ്ടാക്കി അപ്പച്ചനും അമ്മച്ചിയും ജോണിക്കുട്ടിയുടെ ശസ്ത്രക്രിയ നടത്തി. അവൻ നന്നായി പഠിച്ച് ആ വർഷത്തെ പരീക്ഷയിൽ റാങ്കും നേടി. കോളജിലും പതിയെ പോയിത്തുടങ്ങി.

സാബുവിന് അതു സഹിക്കാനായില്ല. ഒരു അവധിദിവസം അവൻ തന്റെ സൈക്കിളിൽ ജോണിക്കുട്ടിയെ കയറ്റി കല്ലുംകുഴിയും നിറഞ്ഞ വഴിയിലൂടെ കൊണ്ടുപോയി. പാതിവഴിയെത്തിയപ്പോഴെ ജോണിക്കുട്ടി ക്ഷീണിച്ചു നിലത്തുവീണു. നാട്ടുകാർ അവനെ ആശുപത്രിയിലെത്തിക്കുകയും സാബുവിനെ ശകാരിക്കുകയും ചെയ്തു.

സാബു കാട്ടിക്കൂട്ടുന്ന പ്രവൃത്തികൾ കണ്ടു മനംമടുത്ത വികാരിയച്ചൻ അവനോടു സംസാരിച്ചു. ഈ അവസ്ഥ നിനക്കായിരുന്നെങ്കിലോ? നിന്നെ ഇപ്പോഴും വിശ്വസിക്കുന്ന അവനെ നീ ചതിക്കുകയായിരുന്നില്ലേ?

ഒരു വീണ്ടുവിചാരത്തിനു പ്രേരിപ്പിച്ച ആ വാക്കുകൾ അവനെ മാനസാന്തരത്തിന്റെ പാതയിലേക്കു നയിച്ചു. കടത്തിൽ കുടുങ്ങി, ജോണിക്കുട്ടിയുടെ ചികിത്സാച്ചെലവു നിർവ്വഹിക്കാൻ മാർഗ്ഗമില്ലാതെ വിഷമിച്ച അപ്പച്ചനും അമ്മച്ചിയും ജീവനൊടുക്കാൻ തീരുമാനിച്ചു.

ആശുപത്രിപ്പടി ഇറങ്ങും മുമ്പേ കാശു മുഴുവൻ അടച്ച ബില്ലുമായി അക്കൗണ്ടന്റ് അവരുടെയടുത്തേക്കു വന്നു. അവർ ദൈവത്തിനു നന്ദി പറഞ്ഞു. ജോണിക്കുട്ടിയെ വീട്ടിലേക്കു മാറ്റി. സാബുവാണ് ഈ നന്മ ചെയ്തതെന്ന് അവർ പിന്നീടു മനസ്സിലാക്കി.

തന്റെ ഇനിയുള്ള ജീവിതം ദൈവവേലയ്ക്കായി അവൻ തിരഞ്ഞെടുത്തു. ജോണിക്കുട്ടി ജോലി സമ്പാദിച്ച് അവന്റെ കടങ്ങളെല്ലാം അകറ്റി; അപ്പച്ചനെയും അമ്മച്ചിയെയും അവൻ പൊന്നുപോലെ നോക്കുന്നു.

തോമ്മാച്ചൻചേട്ടന്റെ ജീവിതത്തിലേക്ക് പുതിയൊരു വെളിച്ചം കടന്നുവന്നു. മറ്റുള്ളവർ നമുക്കു ചെയ്യുന്ന ദ്രോഹങ്ങളെ മണലിലെഴുതി വയ്ക്കണം; മാനസാന്തരത്തിന്റെ കാറ്റ് അതിനെ മായ്ച്ചുകളയും. എന്നാൽ, മറ്റുള്ളവർ നമുക്കു ചെയ്യുന്ന നന്മകളെ പാറയിൽ കൊത്തിയിടുക. ഒരു കാറ്റിനും അതിനെ മായ്ക്കാനാവില്ലെന്ന് തോമ്മാച്ചൻ ചേട്ടൻ മനസ്സിലാക്കി.

അപ്പോഴേക്കും മുറി മുഴുവൻ സൂര്യപ്രകാശംകൊണ്ടു നിറഞ്ഞു. ജനാലയിലൂടെ പുറത്തേക്കു നോക്കിയപ്പോൾ മഞ്ഞുതുള്ളികൾ ഇലയിൽ നിന്ന് ഇറ്റിറ്റു വീണുകൊണ്ടേയിരുന്നു.

*ലേഖിക പാലാ കാർമ്മൽ പബ്ലിക് സ്കൂളിൽ IX –ാം ക്ലാസ് വിദ്യാർത്ഥിനിയാണ്*

## സൂക്തിമഞ്ജരി

ഡോ. സി.ടി. ഫ്രാൻസീസ്



# പരിഹാസം ഏതുവരെയാകാം?

"ഹീനാങ്ഗാനതിരിക്താങ്ഗാൻ വിദ്യാഹീനാൻ വയോധികാൻ
രൂപദ്രവ്യവിഹീനാംശ്ച ജാതിഹീനാംശ്ച; സാക്ഷിപേത്" (മനു 4:141)

*ഹീനാങ്ഗാൻ–അവയവങ്ങളിൽ കുറവുള്ളവരെ; അതിരിക്താങ്ഗാൻ – അധികം അവയവങ്ങളുള്ളവരെ; വിദ്യാഹീനാൻ – വിദ്യയിൽ കുറഞ്ഞവരെ; വയോധികാൻ – പ്രായാധിക്യമുള്ളവരെ; രൂപദ്രവ്യവിഹീനാൻ ച – അഴകും സമ്പത്തും കുറഞ്ഞവരെയും; ജാതിഹീനാൻ ച – ജാതിയിൽ താഴെയായവരെയും; ന ആക്ഷിപേത് – ആക്ഷേപിക്കരുത്, പരിഹസിക്കരുത്.*

മനുഷ്യർക്ക് പലവിധത്തിലും വൈകല്യങ്ങളുണ്ടാകാറുണ്ട്. തങ്ങളെക്കാൾ കരുത്തും അഴകും സാമ്പത്തികസ്ഥിതിയും കുറഞ്ഞവരെ പരിഹസിക്കുന്ന ആളുകളും ധാരാളമുണ്ട്. സമൂഹത്തിൽ കണ്ടുവരുന്ന ദുഷിച്ച പ്രവണതകൾ നീക്കിക്കളയുവാൻ ശക്തിമത്തായ ഒരായുധമാണ് പരിഹാസമെന്നത് സത്യവുമാണ്. എന്നാൽ, ആയുധം എത്ര ശക്തിമത്താകുന്നുവോ, അതുപയോഗിക്കുന്നവർ അത്രയും വിവേകശാലികളാകണമെന്ന തത്ത്വം മാത്രം നാം മറന്നുപോകുന്നു! അനഭിഷണീയങ്ങളായ പ്രവൃത്തികളിൽ വ്യാപൃതരാകുകയും ജീർണതകളിൽ മുഴുകിയിരിക്കുകയും ചെയ്യുന്നവരെ പരിഹാസത്തിന്റെ മുൾമുനകൊണ്ട് ഒരു പരിധിവരെ യാഥാർത്ഥ്യബോധത്തിലേക്കു നയിക്കുവാൻ കഴിയും. അതുകൊണ്ടാണ്

"പരിഹാസപ്പുതു-
പ്പനീർച്ചെടിക്കെടോ
ചിരിയത്രേ പുഷ്പം
ശകാരം മുള്ളുതാൻ"

എന്ന് വിമർശനത്തിന്റെ മുൾമുനയും ചിരിയുടെ പൂവുകളും നിറഞ്ഞൊരു പനിനീർപ്പൂവായി പരിഹാസത്തെ വിശേഷിപ്പിക്കുന്നത്! എന്നാൽ മനുഷ്യന്റെ സ്വയംകൃതനാർത്ഥങ്ങളെ മാത്രമേ വിമർശനങ്ങളും പരിഹാസവുംകൊണ്ട് നീക്കിക്കളയുവാൻ കഴിയൂ. ഈശ്വരകല്പിതങ്ങളായ പരിമിതികളും വൈകല്യങ്ങളും നീക്കിക്കളയുവാൻ മനുഷ്യൻ അശക്തനാകയാൽ ആ പരിമിതികളെ പരിഹാസത്തിനു വിധേയമാക്കുന്നത് പരിഹസിക്കപ്പെടുന്നവനും കുടുംബാംഗങ്ങൾക്കും ദുസ്സഹമായ മനോവ്യഥയുളവാക്കുവാൻ മാത്രമേ സഹായകമാകൂ എന്നാണ് മേല്പറഞ്ഞ നിയമത്തിലൂടെ മനു അനുശാസിക്കുന്നത്. അംഗഭംഗം വന്നവരെയും അഴകിലും വിദ്യയിലും സമ്പത്തിലും സാമൂഹികസ്ഥിതിയിലും തങ്ങളെക്കാൾ താഴെയുള്ളവരെയും പ്രായാധിക്യം വന്നവരെയും ആരും പരിഹസിക്കരുത്. നാം നൽകുന്ന എന്തും തിരിച്ചുകിട്ടുവാൻ നാം അർഹരാകുന്നുവെന്ന സത്യംകൂടി നമ്മുടെ മനസ്സിലിരിക്കട്ടെ. ഒരുപക്ഷേ, എല്ലാം തികഞ്ഞവരെന്നു നാം തന്നെ കരുതുന്ന നമുക്കും ഭാഗ്യദോഷങ്ങൾ വന്നുകൂടെന്നുണ്ടോ? അഥവാ നാം നൽകുന്നതിന്റെ തിരിച്ചുവരവ് നമ്മുടെ മക്കളിലൂടെയോ പേരക്കുട്ടികളിലൂടെയോ ആകില്ലെന്നും ആർക്കറിയാം? അതിനാൽ നാം പ്രയോഗിക്കുന്ന പരിഹാസശരങ്ങൾ നമുക്കുതന്നെ വിനയാകാതാതിരിക്കട്ടെ. അങ്ങനെ ഒരു പരിധി നമ്മുടെ പരിഹാസത്തിനും ആവശ്യമാണ്!